# SREE KADAMPUZHA BHAGAVATHI DEVASWOM

(UNDER MALABAR DEVASWOM BOARD)

Kadampuzha - 676 553, Malappuram Dist., Kerala

**Ph : 0494 2615790, 2618000**

www.kadampuzhadevaswom.com   kadampuzhatemple@gmail.com


**എ3 - 695/26**

Date : **31.07.2026**

## ലേലം/ക്വട്ടേഷൻ പരസ്യം

ശ്രീ കാടാമ്പുഴ ഭഗവതി ദേവസ്വത്തിലെ വിവിധ മരാമത്ത് പ്രവർത്തികളുടെ ഭാഗമായി പൊളിച്ചു മാറ്റിയ MS പൈപ്പുകൾ, SS പൈപ്പുകൾ മറ്റ് ഇരുമ്പ് സ്ക്രാപ്പുകൾ, പടുമരങ്ങളുടെ മുറിച്ച ഉരുൾതടികൾ, കോൺക്രീറ്റ് കമ്പികൾ, ആസ്ബറ്റോസ് ഷീറ്റുകൾ GI Sheet കൾ തുടങ്ങിയവ ലേലം/ക്വട്ടേഷൻ വഴി വിൽപ്പന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ലേലം/ക്വട്ടേഷൻ ഫോറങ്ങൾ 200/- രൂപക്ക് ദേവസ്വം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച ക്വട്ടേഷനുകൾ **10.08.2026 ന് പകൽ 12 മണിക്കകം** ദേവസ്വത്തിൽ ലഭിക്കേണ്ടതും അന്നു തന്നെ ഉച്ചയ്ക്ക് 2 മണിക്ക് ലേലം/ക്വട്ടേഷൻ നടത്തുന്നതുമായിരിക്കും. ലേലം നടത്തിയതിന് ശേഷം മാത്രമേ ക്വട്ടേഷൻ തുറന്ന് പരിശോധിക്കുകയുള്ളൂ. ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി **1000/-** രൂപ (തിരിച്ചു നൽകുന്നത്) പണമടച്ച രശീതി ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. ക്വട്ടേഷനും ലേലത്തിനും പങ്കെടുക്കുന്നവർ പ്രത്യേകം പ്രത്യേകം നിരതദ്രവ്യം അടക്കേണ്ടതില്ല. സ്ക്രാപ്പുകൾക്ക് കിലോഗ്രാമിന് എത്ര രൂപ വരെ എടുക്കാം എന്ന് ക്വട്ടേഷനിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് ഇനം തിരിച്ച് ആവശ്യമുള്ള സാധനങ്ങൾ മാത്രം ക്വാട്ട് ചെയ്യുന്നതിനുള്ള അവകാശമുണ്ടായിരിക്കും. ലേലം/ക്വട്ടേഷൻ കൈക്കൊണ്ടയാൾ ജി.എസ്.ടി.അടക്കമുള്ള ലേല തുക 7 ദിവസത്തിനകം ദേവസ്വത്തിൽ അടച്ച് സാധനങ്ങൾ കൊണ്ട് പോകേണ്ടതാണ്. ഓഫീസ് സമയങ്ങളിൽ മേൽ സാധനങ്ങൾ പരിശോധിക്കാവുന്നതാണ്. ലേലം/ക്വട്ടേഷൻ സ്വീകരിക്കുവാനും നിരാകരിക്കുവാനും നിർത്തിവെക്കാനുമുള്ള അധികാരം എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമാണ്.

എക്സിക്യൂട്ടീവ് ഓഫീസർ

**പകർപ്പ്**

1) ദേവസ്വം നോട്ടീസ് ബോർഡ്
2) ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡ്
3) വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
4) ദേവസ്വം വെബ്സൈറ്റ്
5) അക്കൗണ്ട് സെക്ഷൻ
6) അധികം